കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തൃക്കാക്കര നഗരസഭ - 15 ബിൽ കളക്ടർമാരെ ദിവസവേതനാടിസ്ഥാനത്തിൽ മൂന്ന് മാസക്കാലയളവിലേക്ക് നിയമിക്കുന്നതിന് - അനുമതി നൽകി -- -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 518 /2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 9.2.2016

പരാമർശം : 1) 18.03.2015 ലെ സ.ഉ(സാധാ)നം.766/2015/തസ്വഭവ-- ---
2)തൃക്കാക്കര നഗരസഭാ കൗൺ സിലിന്റെ 29.12.2015 ലെ 15-ാം നം. തീരുമാനം
3)തൃക്കാക്കര നഗരസഭാ സെക്രട്ടറിയുടെ 15.01.2016 ലെ ജി ഇ 1- -22675/14 നം. അപേക്ഷ .

## ഉത്തരവ്

തൃക്കാക്കര നഗരസഭയിൽ നികുതി പിരിച്ചെടുക്കുന്നതിനായി പരാമർശത്തിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15 പേരെ നിയമിച്ചിരുന്നുവെങ്കിലും ടിയാളുകളെ നികുതി പിരിച്ചെടുക്കുന്നതിന് നിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ജീവനക്കാരുടെ കുറവ് മൂലം ജോലിഭാരമുള്ള ചില സെക്ഷനുകളിൽ ഇവരുടെ സേവനം വിനിയോഗിക്കുകയാണ് ഉണ്ടായിട്ടുള്ളതെന്നും ഇത്തരത്തിൽ അനുവദിച്ച നൽകിയിരുന്ന 15 പേരെ 2 തവണ ഉത്തരവ് പുതുക്കി ആകെ 9 മാസക്കാലം ജോലി ചെയ്യിപ്പിച്ചിരുന്നതായും അവരുടെ സേവനകാലാവധി 30.11.2015 ൽ അവസാനിച്ച സാഹചര്യത്തിൽ നികുതി പിരിച്ചെടുക്കുന്നതിനായി 15 ജീവനക്കാരെ 6 മാസത്തേക്കെങ്കിലും നിയമിക്കുന്നതിന് അനുമതിയുണ്ടാകണമെന്ന പരാമർശം കൗൺസിൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരമുള്ള അപേക്ഷ ലഭിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തൃക്കാക്കര നഗരസഭാ കൗൺസിൽ തീരുമാനം അംഗീകരിച്ച് താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്കും ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കണമെന്നും ഉള്ള വ്യവസ്ഥയിൽ 15 ബിൽ കളക്ടർമാരെ മൂന്ന് മാസക്കാലയളവിലേക്ക് താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രമേശൻ എം .കെ

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തൃക്കാക്കര നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.